**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3537** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നി ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വിളകളെ കാട്ടുപന്നികളിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (എ) | കാർഷിക വിളകളെ കാട്ടുപന്നികളിൽ നിന്നും സംരക്ഷിക്കുന്നതിന് താഴെ പറയും പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**<u>വിള ആരോഗ്യപരിപാലന പദ്ധതി (പ്ലാൻ)</u>**<br><br>സാങ്കേതികവിദ്യാ സഹായത്തോടെ വന്യമൃഗ ആക്രമണത്തെ തടയുന്നതിന് കമ്പി വേലികൾ, ജൈവ വേലി, രാസ/ഇലക്ട്രിക്ക് റിപ്പല്ലന്റുകൾ, സൗരോർജ കമ്പി വേലികൾ പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു കർഷക പ്രതിനിധികൾ ജനപ്രതിനിധികൾ കൃഷി ഉദ്യോഗസ്ഥർ എന്നിവർ കൂടിയാലോചിച്ചു എസ്റ്റിമേറ്റും പ്രോജെക്ടും തയ്യാറാക്കി പ്രാദേശിക തലത്തിലും ജില്ലാ തലത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ ശുപാർശയോട് കൂടി സംസ്ഥാന കമ്മറ്റികൾ പരിശോധിച്ച് അംഗീകരിച്ചതിനു ശേഷം തുക അനുവദിച്ചു നൽകുന്നു. വിള ആരോഗ്യ പരിപാലന പദ്ധതിയിൽ സാങ്കേതിക വിദ്യ സഹായത്തോടെ വന്യജീവി ആക്രമണം തടയൽ എന്ന ഘടകത്തിൽ നടപ്പു സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി ജില്ലകൾക്ക് പ്രൊജക്റ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ഈ ഘടകത്തിന് പിന്നിലെ പ്രധാന ലക്ഷ്യങ്ങൾ വിളയുടെ സംരക്ഷണവും വിളനിലങ്ങളിൽ പ്രവേശിക്കുന്നതിൽ നിന്ന് കാട്ടുപന്നിയെ പോലുള്ള വന്യമൃഗങ്ങളെ തടയുന്നതുമാണ്.<br><br>**<u>രാഷ്ട്രീയ കൃഷി വികാസ് യോജന (മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള വിളനാശം നിയന്ത്രിക്കൽ) പദ്ധതി</u>**<br><br>2023-24 വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) |

പ്രകാരം 2500 ലക്ഷം രൂപ പദ്ധതി ചെലവിൽ "കേരളത്തിലെ മനുഷ്യ വന്യജീവി സംഘർഷം മൂലമുള്ള വിളനാശം കൈകാര്യം ചെയ്യൽ" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാട്ടുപന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷിയിടത്തിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് അനുയോജ്യമായ സംവിധാനം സ്ഥാപിക്കുക, കൃഷിയിടങ്ങളിൽ നിന്ന് വന്യമൃഗങ്ങളെ അകറ്റി നിർത്തുന്നതിന് ഓരോ പ്രദേശത്തിന് അനുയോജ്യമായതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമായ സാങ്കേതികവിദ്യ പ്രയോഗിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2023-24 മുതൽ രാഷ്ട്രീയ കൃഷി വികാസ് യോജന (മനുഷ്യ വന്യജീവി സംഘർഷം മൂലമുള്ള വിള നാശം നിയന്ത്രിക്കൽ) പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്നത്. കാട്ടുപന്നികൾക്കെതിരെ സോളാർ ഫെൻസിങ്, കാട്ടുപന്നിയെ കൃഷിയിടത്തിൽ നിന്നും അകറ്റി നിർത്തുന്നതിനായി ബോറെപ്, ഇക്കോഡോൺ എന്നിവയുടെ പ്രയോഗവും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നാളിതുവരെ 1982.57153 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. വന്യ ജീവികൾ മൂലമുണ്ടാകുന്ന കൃഷി നാശത്തിനു നിലവിൽ ആനുകൂല്യം നൽകുന്നത് വനം വകുപ്പാണ്. എന്നാൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി മുഖേന ഇൻഷുർ ചെയ്ത 27 വിളകൾക്ക് വന്യജീവി ആക്രമണം മൂലം നാശനഷ്ടം ഉണ്ടായാൽ നിശ്ചിത മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്.

സംസ്ഥാനത്തെ കൃഷിയിടങ്ങളിലെ വന്യമൃഗാക്രമണം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളുമായി കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.1.2025 -ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ കൃഷി വകുപ്പ് ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയുടെ ഭാഗമായും RKVY പദ്ധതിയുടെ ഭാഗമായും വന്യമൃഗാക്രമണം ലഘൂകരിക്കുന്നതിന് സ്റ്റാർട്ട് അപ്പുകളുമായി സഹകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനമെടുത്തിരുന്നു.

പഞ്ചായത്ത് തലത്തിൽ വന്യമൃഗ ശല്യം രൂക്ഷമാവുന്ന സ്ഥലങ്ങൾ നോക്കി പദ്ധതി പ്രദേശം കണ്ടെത്തുകയും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ ആയിട്ടുള്ള ഒരു ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുന്നു. കാർഷിക വികസന സമിതിയിൽ ചർച്ച ചെയ്തു അംഗീകരിച്ച ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) ജില്ലാ തല കമ്മിറ്റിക്കു

| | | | |
|---|---|---|---|
| | | | അംഗീകാരത്തിനായി സമർപ്പിക്കുന്നു. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറും ആയിട്ടുള്ള ഒരു ജില്ലാ സമിതി രൂപീകരിക്കുകയും ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) അംഗീകരിക്കുകയും ചെയ്യുന്നു. ജില്ലാതല കമ്മിറ്റി അംഗീകരിച്ച ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) സംസ്ഥാനതല കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച തുക അനുവദിക്കുന്നു.<br><br>ഇത്തരത്തിൽ പദ്ധതി രൂപീകരണത്തിലും, അംഗീകാരം ലഭ്യമാക്കുന്നതിനും നടപ്പിലാക്കുന്നതിനും, ടി സംവിധാനം നിലനിർത്തുന്നതിനും കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കർഷകർ, ജനപ്രധിനിധികൾ ഉൾപ്പെടെയുള്ള ഗുണഭോക്തൃ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം വിവരങ്ങൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കർഷകർക്ക് ലഭ്യമാക്കുമോ; വിശദമാക്കാമോ? | (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വന്യജീവി ആക്രമണം മൂലം നാശനഷ്ടം സംഭവിക്കുമ്പോൾ AIMS പോർട്ടൽ വഴി നഷ്ടപരിഹാരത്തിന് അപേക്ഷിക്കാൻ സാധിക്കുന്നതാണ്. ആയത് കൃഷി ഭവൻ തലത്തിൽ ഫീൽഡ് വേരിഫിക്കേഷൻ നടത്തി അർഹതപ്പെട്ട കർഷകരുടെ ക്ലെയിം അപ്രൂവ് ആകുന്നതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നു.<br><br>എല്ലാ ജില്ലകളിലും പ്രോജക്റ്റ് ഡയറക്ടർ (ആത്മ) മുഖാന്തിരം നടപ്പിലാക്കുന്ന ആത്മ പദ്ധതിയിലൂടെ ആദിവാസി, ദളിത് കർഷകർ ഉൾപ്പെടെയുള്ള കർഷകർക്കുള്ള വിവിധ പരിശീലന പരിപാടികൾ, കർഷക- ശാസ്ത്രജ്ഞ സംവാദങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും കൂടാതെ അച്ചടി- ദൃശ്യ - ശ്രവ്യ- നവമാദ്ധ്യമങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകർക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ ഇത്തരത്തിലുള്ള കാർഷിക വിജ്ഞാന വ്യാപനം നടത്തി വരികയും ചെയ്യുന്നുണ്ട്.<br><br>കർഷകർക്കു ഇത്തരം കാർഷിക പ്രവർത്തനങ്ങൾ സംബന്ധിക്കുന്ന അറിവുകൾ പകർന്നു കൊടുക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം സർവകലാശാലയുടെ കേരളത്തിലെ മറ്റു സ്ഥാപനങ്ങൾ വഴിയും പരിശീലന പരിപാടികൾ നടത്തുകയും ഇതിന് സഹായകരമായ വിധത്തിലുള്ള വീഡിയോകൾ സംപ്രേഷണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ കർഷകർക്ക് കാർഷിക |

| | | | |
|---|---|---|---|
| | | | പ്രവർത്തിയെ സംബന്ധിക്കുന്ന അറിവുകൾ പകർന്നു കൊടുക്കുന്നതിനായി താഴെപ്പറയുന്ന പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നുണ്ട്.<br><br>i. ആർ.എ.റ്റി.റ്റി.സി (റീജിയണൽ അഗ്രിക്കൾച്ചറൽ ടെക്നോളജി ട്രെയിനിംഗ് സെന്റർ), കഴക്കൂട്ടം, തിരുവനന്തപുരം.<br><br>ii. ആർ.ടി.ടി.സി (റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ), വെള്ളായണി, തിരുവനന്തപുരം.<br><br>iii. എഫ്.ടി.സി (ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ), പന്തളം, പത്തനംതിട്ട.<br><br>iv. ആർ.എ.റ്റി.റ്റി.സി, കോഴ, കോട്ടയം.<br><br>v. ആർ.എ.റ്റി.റ്റി.സി, മലമ്പുഴ, പാലക്കാട്.<br><br>vi. ആർ.എ.റ്റി.റ്റി.സി, വൈറ്റില, എറണാകുളം.<br><br>vii. എഫ്.റ്റി.സി (ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ), വേങ്ങേരി, കോഴിക്കോട്.<br><br>viii. ആർ.എ.റ്റി.റ്റി.സി, തളിപ്പറമ്പ്, കണ്ണൂർ. |

സെക്ഷൻ ഓഫീസർ